# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6838 10.07.2014 - ൽ മറുപടിക്ക്

## മാവേലിക്കര നഗരത്തിലെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ച വാട്ടർടാങ്കും പമ്പ്ഹൗസും കാലപ്പഴക്കത്താൽ തകർച്ചയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവിടെ പുതിയ വാട്ടർടാങ്കും പമ്പ്ഹൗസും സ്ഥാപിച്ച് പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) പുതിയ വാട്ടർ ടാങ്കും പമ്പ് ഹൗസും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനിയിലില്ല. എന്നാൽ പഴയ പമ്പ് സെറ്റ്, വാൽവുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) മാവേലിക്കര നഗരത്തിലെ കുടിവെള്ള പ്രശ്നപരിഹാരത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) മാവേലിക്കര നഗരത്തിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിന് ബഡ്ജറ്റിൽ പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ മാവേലിക്കരയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പഴയ പമ്പ്സെറ്റ്, വാൽവുകൾ ഇവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 39 ലക്ഷം രൂപയുടെ നിർദ്ദേശത്തിന് കേരള വാട്ടർ അതോറിറ്റി ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ